**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്നുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ നടക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധം (1) ആയി ചേർക്കുന്നു. 2024-ഓടു കൂടി എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജലജീവൻ മിഷനിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നത്; അവയുടെ പ്രവർത്തനപുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കി നൽകാമോ? | (ബി) | പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ജല ജീവൻ മിഷനിലുൾപ്പെട്ട പദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>2. പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെടുന്ന വെള്ളറട പഞ്ചായത്തിൽ ഒന്നാം ഘട്ട ജലനിധി പദ്ധതി പ്രകാരം പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളിൽ 11 എണ്ണത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സുസ്ഥിരതാ പദ്ധതി പ്രകാരം തുക അനുവദിച്ചിരുന്നു. ആയതിന്റെ വിശദാംശം അനുബന്ധം (3) ആയി ചേർക്കുന്നു.<br><br>3. ഭൂജല വകുപ്പിന്റെ പദ്ധതിയായ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട SMC Govt UPS കുന്നത്തുകാൽ, അമ്പൂരി ഗ്രാമപഞ്ചായത്തിലെ ശൂരവകാണി, പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ മുളംപൊറ്റ, മരുതംകാട് മുഴങ്ങിൽ, കീമച്ചാംകുഴി എന്നീ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിന് വേണ്ടി 4,72,543/- രൂപയുടെ അനുമതി നല്കിയിട്ടുണ്ട്. ടി കുഴൽക്കിണറുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ആലത്തൂർ കഞ്ചേരി വിളാകം എന്ന സ്ഥലത്ത് ഹാന്റ് പമ്പിന്റെ അറ്റകുറ്റപണി നടപ്പിലാക്കുന്നതിന് 30,844/- രൂപയുടെ അനുമതിയും നല്കിയിട്ടുണ്ട്. ടി പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ വീടുകൾ | 2020 ഏപ്രിൽ 1 പ്രകാരമുള്ള കണക്ഷനുകൾ | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (19.08.2022 വരെ) |
|---|---|---|---|---|---|---|
| 1 | അമ്പൂരി | 5990 | 811 | 5179 | 3065.73 | 2523 |
| 2 | ആര്യൻകോഡ് | 7918 | 1240 | 6645 | 3849.80 | 0 |
| 3 | കള്ളിക്കാട് | 4726 | 706 | 3994 | 1803.51 | 3238 |
| 4 | കൊലയിൽ | 9157 | 520 | 8637 | 4853.79 | 515 |
| 5 | കുന്നതുകാല് | 13587 | 2487 | 11087 | 3471.18 | 500 |
| 6 | ഒറ്റശേഖരമംഗലം | 6696 | 842 | 5853 | 2331.46 | 218 |
| 7 | പാറശ്ശാല | 18703 | 3876 | 14827 | 7970.28 | 1408 |
| 8 | പെരുംകടവിള | 7894 | 3455 | 6138 | 4716.44 | 1200 |
| 9 | വെള്ളറട | 11967 | 1552 | 10947 | 3361.45 | 492 |
| **ആകെ** | | **86638** | **15489** | **73307** | **35423.64** | **10094** |

**അനുബന്ധം 2**

1.ആര്യങ്കോട്പെരുങ്കടവിള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി (കിഴക്കൻ മല കുടിവെള്ള പദ്ധതി)

പ്രസ്തുത പദ്ധതിയ്ക്കായി 43.09 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നല്കിയിരുന്നു. ടി പദ്ധതിയിൽ നെയ്യാറിലെ മൂന്നാറ്റുമുക്ക് എന്ന സ്ഥലത്ത്നിലവിലുള്ള കിണറും പമ്പ്ഹൗസിന്റെ പുനരുദ്ധാരണവും, തടയണ നിർമ്മിക്കലും, കിഴക്കൻമലയിൽ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജല സംഭരണി, പഴമലയിൽ 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും, മൂന്നാറ്റുമുക്ക മുതൽ കിഴക്കൻമലവരെ 450 മി.മീ. വ്യാസമുള്ള റോവാട്ടർ പമ്പിങ് മെയിൻ, കിഴക്കൻമലയിലെ ജല ശുദ്ധീകരണ ശാലയിൽനിന്നും ഉപരിതല ജലസംഭരണിവരെ 300 മി.മീ. വ്യാസമുള്ള ക്ലിയർവാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല മുതൽ തുടലി ജങ്ഷൻവരെ 350 മി.മീ.വ്യാസമുള്ള ശുദ്ധജല ട്രാൻസ്മിഷൻ മെയിൻ, ഡാലുംമുഖത്ത് നിലവിലുള്ള ഭൂതലജല സംഭരണിവരെ 200 മി.മീ. വ്യാസമുള്ള ട്രാൻസ്മിഷൻമെയിൻ, ജലശുദ്ധീകരണ ശാല മുതൽ പഴമലയിലെ നിലവിലുള്ള ഉപരിതലജല സംഭരണി വരെ 350 മി.മീ.വ്യാസമുള്ള ശുദ്ധജല ട്രാൻസ്മിഷൻമെയിൻ, തുടലി ജങ്ഷൻ മുതൽ മൈലച്ചലിലെ നിലവിലുള്ള ഭൂതലജലസംഭരണിവരെ 250 മി.മീ.വ്യാസമുള്ള ശുദ്ധജല ട്രാൻസ്മിഷൻ മെയിൻ, പഴമലമുതൽ പഴമലയിലെ പുതിയ ഉപരിതലജല സംഭരണിവരെ 250 മി.മീ. വ്യാസമുള്ള ശുദ്ധജല ട്രാൻസ്മിഷൻമെയിൻ, പഴമലമുതൽ അരുവിപ്പുറത്തെ നിലവിലുള്ള ഭൂതലജലസംഭരണിവരെ 200 മി.മീ.വ്യാസമുള്ള ശുദ്ധജലട്രാൻസ്മിഷൻമെയിൻ, മൈലച്ചൽ മുതൽ ഡാലുംമുഖംവരെ 200 മി.മീ. വ്യാസമുള്ള ശുദ്ധജല ട്രാൻസ്മിഷൻ മെയിൻ, മൈലച്ചൽ മുതൽ ചിലമ്പറയിലെ നിലവിലുള്ള ഭൂതലജല സംഭരണിവരെ 150 മി.മീ.വ്യാസമുള്ള ശുദ്ധജല ട്രാൻസ്മീഷൻമെയിൻ, റാവാട്ടർ പമ്പ്സെറ്റുകൾ, ക്ലിയർവാട്ടർ പമ്പ്സെറ്റുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളുൾപ്പെടുന്നു. പദ്ധതിയുടെ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആദ്യ ദർഘാസിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ ദർഘാസ്സ് തുറക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കുമായിരുന്നില്ല. പുനർദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരാൾ മാത്രമേ യോഗ്യത നേടിയുള്ളു. ടി ദർഘാസിന്റെ അടങ്കൽത്തുക 35.84 കോടി രൂപയായിരുന്നു. യോഗ്യത നേടിയ കരാറുകാരൻ quote ചെയ്ത തുക 45.10 കോടിയായിരുന്നു. ഇത്അടങ്കൽ തുകയേക്കാളും 25.83% കൂടുതലും ആയിരുന്നു. എന്നാൽ ചീഫ് എൻജിനീയറുടെ അധ്യക്ഷതയിലുള്ള ടെൻഡർ കമ്മിറ്റി നിലവിലെ നിയമ പ്രകാരം LMR (local Market Rate) നിരക്കായ 41.56 കോടി രൂപയ്ക്കാണ്ദർഘാസ് അനുമതി നൽകിയത്. ഇതനുസരിച്ച കരാറുകാരന് 20/11/2021 ന് selection notice നൽകിയെങ്കിലും quote ചെയ്ത തുകയ്ക്കു കരാർ അനുമതി നൽകാത്തതിനാൽ കരാറുകാരൻ വിസമ്മതം അറിയിക്കുകയും ടി വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. എന്നാൽ 30.04.2022 ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് പ്രകാരം നിലവിലെ പുതിയ നിരക്ക് അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും അതനുസരിച്ചുള്ള പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനും നിർദ്ദേശമുണ്ടായി.

അതിനാൽ 06.05.2022 ന് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുതിയ നിരക്കനുസരിച്ചുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടറിന് ഒരു കരാറുകാരൻ പങ്കെടുക്കുകയും 22.07.2022-ന് selection notice നൽകുകയും 27.07.2022-ന് കരാറുകാരൻ agreement വെയ്ക്കുകയും ചെയ്തു. പ്രാരംഭ പണികൾ ആരംഭിക്കുകയും ചെയ്തു.

<u>2. കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപപഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി</u>

കാളിപ്പാറ കുടിവെള്ള പദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനു വേണ്ടി പൊൻവിളയിൽ നിന്ന് റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ്സ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്.എന്നാൽ നെയ്യാറ്റിൻകര റെയിൽവേ ക്രോസ്സിംഗിന് അനുമതി ലഭ്യമാകാത്തതിനാലും, പൊൻവിളയിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും മേൽപ്പറഞ്ഞ പദ്ധതി മാറ്റി നെയ്യാറ്റിൻകര റെയിവേ ക്രോസ്സിംഗിനു മുമ്പായി കാളിപ്പാറയിൽ നിന്നുവരുന്ന പൈപ്പ് ലൈനിൽ നിന്നും ശുദ്ധജലം ടാപ്പ് ചെയ്ത് 10.34 കി.മീ. ദൈർഘ്യത്തിൽ 350 എംഎം വ്യാസമുള്ള ഡി.ഐ. പൈപ്പ് ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജല സംഭരണിയിലെത്തിക്കുന്നതിന് 13.2 കോടിരൂപ രൂപയുടെ ഭരണാനുമതി ജലജീവൻമിഷനിലെ അഞ്ചാം എസ്.എൽ.എസ്.എസ്. സി. യിൽ നല്കിയിട്ടുണ്ട്. ദർഘാസിലും പുനർ ദർഘാസിലും ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാലയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്കായി നല്കിയ ഭരണാനുമതിയിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് കൊല്ലയിൽ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് 10.17 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും, ഉപരിതലജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാർ നൽകുകയും പ്രവൃത്തി അവസാന ഘട്ടത്തിലുമാണ്.

മലയോര ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കിഫ്ബിയുടെ 5 ഡെപ്പോസിറ്റ് പ്രവർത്തികൾക്കും ഈ മണ്ഡലത്തിൽ അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾക്ക് 3.2 കോടി രൂപക്ക് ഭരണാനുമതി നല്കുകയും 2.82 കോടി രൂപക്ക് കരാർ നൽകുകയും ചെയ്തു.80% പ്രവർത്തികൾ പൂർത്തിയായി. പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള പൈപ്പ് ലൈനുകൾ മാറ്റുന്ന പ്രവർത്തികൾക്ക് 8.35 കോടി രൂപയുടെ ഭരണാനുമതി നല്കുകയും 4 ടെണ്ടറുകൾ ആയി പ്രവർത്തികൾ ക്ഷണിക്കുകയും ചെയ്തു എങ്കിലും ഒരു ടെണ്ടറിന് മാത്രമേ കരാറുകാരെ ലഭിച്ചുള്ളൂ. 17.08.2022-ന് കരാറുകാരൻ agreement വെയ്ക്കുകയും ചെയ്തു. മറ്റ് പ്രവർത്തികളുടെ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**അനുബന്ധം (3)**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ബധസ്ഥ | 7.10 | പൂർത്തീകരിച്ചു |
| 2 | അമൃതം | 4.45 | പൂർത്തീകരിച്ചു |
| 3 | സിന്ധു | 5.00 | പൂർത്തീകരിച്ചു |
| 4 | ജലപ്രിയ | 4.67 | പൂർത്തീകരിച്ചു |
| 5 | ഐശ്വര്യ | 10.00 | പ്രവർത്തനം നടന്നു വരുന്നു |
| 6 | തേജസ് | 7.14 | പ്രവർത്തനം നടന്നു വരുന്നു |
| 7 | സാഫല്യം | 7.95 | പൂർത്തീകരിച്ചു |
| 8 | തേൻധാര | 6.25 | പൂർത്തീകരിച്ചു |
| 9 | സോമതീർത്ഥം | 7.14 | പൂർത്തീകരിച്ചു |
| 10 | യമുന | 7.95 | പൂർത്തീകരിച്ചു |
| 11 | വെള്ളാർ | 7.50 | പ്രവർത്തനം നടന്നു വരുന്നു |
| **ആകെ** | | **75.15** | |